LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന സർക്കാരിലേയ്ക്ക് വന്നുചേരേണ്ട നികുതികൾ

68(5227) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനവരി മുതൽ സംസ്ഥാന സർക്കാരിലേയ്ക്ക് വന്നുചേരേണ്ട നികുതികൾ എത്രയായിരുന്നു; ഇതിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(ബി) 2016 ജനവരി മുതൽ സ്റ്റേ ലഭിച്ച സ്ഥാപനങ്ങളും വ്യക്തികളും ഏതെല്ലാം; അറിയിക്കുമോ;

(സി) ഇവർ അടയ്ക്കേണ്ട തുകയും അടച്ച തുകയും എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) VAT വഴി എത്ര തുക പിരിഞ്ഞുകിട്ടേണ്ടതായിരുന്നുവെന്നും എത്ര തുകയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) 2021 ജനവരി വരെ ധനകാര്യ വകുപ്പിലേയ്ക്ക് വിവിധ നികുതിയിനത്തിൽ ലഭിക്കേണ്ട തുക എത്രയായിരുന്നു; ഇതിൽ എത്ര തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## ആംനെസ്റ്റി പദ്ധതി പ്രകാരമുള്ള നികുതി പിരിവ്

69(5228) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം തനതുവർഷത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം തനതുവർഷത്തിൽ 164.14 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടും തിരിച്ചടയ്ക്കാതെ കുടിശ്ശികയായ തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?